"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവഗ്ഗ വികസന വകുപ്പ്-പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംസ്ഥാനതല യോഗം സംഘടിപ്പിച്ചത് - തുക അനുവദിച്ച ഉത്തരവ് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന(ബി)വകുപ്പ്**

സ.ഉ.(സാധാ) നം.241/2026/SCSTD തീയതി,തിരുവനന്തപുരം, 21-02-2026

---

പരാമർശം:-
1. 22.03.2025 തീയതിയിലെ സ.ഉ(കൈ) നം.43/2025/ജി.എ.ഡി
2. 08.05.2025 തീയതിയിലെ സ.ഉ(സാധാ)നം. 313/2025/SCSTD
3. 16.05.2025 തീയതിയിലെ സ.ഉ(സാധാ)നം.325/2025/SCSTD
4. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 04.09.2025 തീയതിയിലെ SCDD/2787/2025-P1 (PL) നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷിക ആഘോഷപരിപാടികളുടെ ഭാഗമായി 2025 മെയ് മാസം 18ന് പാലക്കാട് ജില്ലയിൽ വച്ച് സംഘടിപ്പിച്ച സംസ്ഥാന തലയോഗത്തിലേയ്ക്ക് 17,50,000/-(പതിനേഴ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-001-94-34(പ്ലാൻ) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് സൂചന (3) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ സംസ്ഥാനതല സംഗമം നടത്തിപ്പുമായി ബന്ധപ്പെട്ട് ആകെ 27,81,035/- (ഇരുപത്തിയേഴ് ലക്ഷത്തി എൺപത്തി ഒന്നായിരത്തി മുപ്പത്തിയഞ്ച് രൂപ മാത്രം) രൂപ ചുവടെ ചേർക്കുന്ന പ്രകാരം ചെലവ് വന്നിട്ടുള്ളതായും ടി ചെലവുകൾക്കായി അനുവദിച്ചിട്ടുള്ള 17,50,000/- രൂപയ്ക്ക് പുറമേ 10,31,035/-(പത്ത് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി മുപ്പത്തിയഞ്ച് രൂപ മാത്രം) രൂപ കൂടി അനുവദിക്കണമെന്നും പരാമർശം (4) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1. | റവന്യൂ - TRIPENTA | 6,41,500/- |
| 2. | ഭക്ഷണം | 6,53,639/- |
| 3. | സ്റ്റേജ്, സ്റ്റാൾ, പ്രദർശനം | 5,85,999/- |
| 4. | രജിസ്ട്രേഷൻ, ബാഗ്, ടാഗ്, പേപ്പർ പെൻ, നോട്ട് മുതലായവ | 3,00,153/- |

| | | |
|---|---|---|
| 5. | അക്കൊമഡേഷൻ | 2,30,582/- |
| 6. | ഫ്ളക്സ് | 1,52,256/- |
| 7. | വീഡിയോ, ലൈവ് സ്ട്രീമിംഗ്, ലോഗോ, ചാനൽ ടെലിക്കാസ്റ്റ് ആഡ് (ആകെ 1,03,800/- രൂപയുടെ വൗച്ചർ ഉള്ളടക്ക ചെയ്തിട്ടുണ്ടെങ്കിലും 5000/- രൂപ (vedan show promotional video edit) ഒഴിവാക്കി ശേഷിച്ച തുകയായ 98,800/- രൂപ ശുപാർശ ചെയ്യുന്നു . | 98,800/- |
| 8. | ഗതാഗതം & പോസ്റ്റർ | 1,00,000/- |
| 9. | റെയിൽവേ കൗണ്ടർ പെർമിഷൻ, ഫ്ലവർ, പെർമിഷൻ, ഫ്ലവർ, ടിപ്പ് ഷീറ്റ് (കൊല്ലങ്കോട്) വേസ്റ്റ് മാനേജ്മെന്റ്, സബ്കമ്മിറ്റി റിഫ്രഷ്മെന്റ്, സ്റ്റാമ്പ് | 18,106/- |
| **ആകെ ചെലവ് തുക** | | **27,81,035/-** |
| **അനുവദിച്ച തുക** | | **17,50,000/-** |
| **അനുവദിക്കേണ്ടുന്ന തുക** | | **10,31,035/-** |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) ഭരണാനുമതി ഉത്തരവ് പുതുക്കി 27,81,035/-(ഇരുപത്തിയേഴ് ലക്ഷത്തി എൺപത്തൊന്നായിരത്തി മുപ്പത്തി അഞ്ച് രൂപമാത്രം) രൂപയുടെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2225-01-001-94-34(5) ശീർഷകത്തിൽ നടപ്പ് വർഷം വകയിരുത്തിയിട്ടുള്ള 3 കോടി രൂപയും പരാമർശം (2) പ്രകാരം ഭരണാനുമതി നല്കിയിട്ടുള്ളതിനാൽ പ്രസ്തുത ഉത്തരവിലെ മറ്റ് പദ്ധതികളിലെ തുക കുറച്ചുകൊണ്ട് അധികമായി അനുവദിച്ച 10,31,035/- രൂപ 2225-01-001-94-34(plan) ശീർഷകത്തിൽ നടപ്പ് വർഷം വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അനുവദിച്ചു നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
G S SAGINA
അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്,തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ഐ& പി.ആർ. ഡി,വെബ്&ന്യൂമീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
H Suni
സെക്ഷൻ ഓഫീസർ
Date: 21-02-2026 12:02:13

പകർപ്പ്:-ബഹു.പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ് ന്
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്